**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2770** **10-03-2025 - ൽ മറുപടിയ്ക്ക്**

**കുന്ദമംഗലം മണ്ഡലത്തിലെ പ്രീമെട്രിക് ഹോസ്റ്റലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കുന്ദമംഗലം മണ്ഡലത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള എത്ര പ്രീമെട്രിക് ഹോസ്റ്റലുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; ഇവ ഓരോന്നിലും എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം മണ്ഡലത്തിൽ പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്കായി 2 പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു. ടി ഹോസ്റ്റലുകളിലെ വിദ്യാർഥികൾക്ക് രണ്ട് സെറ്റ് യൂണിഫോം, ഭക്ഷണം, ചെരുപ്പ്, ബാഗ്, പ്രതിമാസ മാസ പോക്കറ്റ് മണി 200/- രൂപ, അവധി ദിവസങ്ങളിൽ വീട്ടിൽ പോയിവരുന്നതിന് യാത്രാപ്പടി എന്നിവ നൽകി വരുന്നുണ്ട്. ഭക്ഷണത്തിനായി ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 3125/- രൂപ ചെലവഴിക്കുന്നു. ടി ഹോസ്റ്റലുകളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്<br><br>പ്രീമെട്രിക് ഹോസ്റ്റലുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കൈമാറ്റം ചെയ്യപ്പെട്ടവയാണ്. ടി ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യം ഒരുക്കേണ്ടതും ആവശ്യമായ സൗകര്യങ്ങൾ അനുവദിക്കേണ്ടതും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആയത് അനുവദിക്കാത്ത പക്ഷം ലഭ്യമാകുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് വകുപ്പിൽ നിന്നും ഫണ്ട് അനുവദിക്കുന്നു. |
| (ബി) | പ്രസ്തുത ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; ഇവ വിപുലപ്പെടുത്താൻ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസം സ്കൂളുകളിൽ ലഭ്യമാകുന്നുണ്ട്.<br><br>പ്രീമെട്രിക് ഹോസ്റ്റലുകളിൽ ഇതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ